(ബി) യൂണിവേഴ്സിറ്റികൾ, കോളേജ് തല വിദഗ്ധർ, ഹയർസെക്കന്ററി അദ്ധ്യാപകർ, എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ, വിവിധ വിഷയങ്ങളുടെ വിദഗ്ദ്ധരായ അദ്ധ്യാപകർ തുടങ്ങിയവർ അടങ്ങിയ സമിതികളാണ് എസ്.സി.ഇ.ആർ.ടിയുടെ വിവിധ ശില്പശാലകളിൽ വച്ച് ഈ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്.

(സി) 2014-15 അദ്ധ്യയന വർഷം മുതൽ 11-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ നിലവിൽവന്നു. 2015-16 അദ്ധ്യയന വർഷം മുതൽ 12-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ

27(*267) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്) : സർ,

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിലെ 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രീ-റവന്യൂ സർവ്വേ അദാലത്ത് സംഘടിപ്പിച്ചിരുന്നു.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന റവന്യൂ വകുപ്പിലേയും സർവ്വേ വകുപ്പിലേയും പരാതികളിന്മേൽ അടിയന്തരമായി പരിശോധന നടത്തി തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി&ഡി) ഏകദേശം 72% പരാതികൾ പരിഹരിച്ചിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നുമാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ - സർവ്വേ അദാലത്ത് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

ലീഗൽ മെട്രോളജി വകുപ്പിന്റെ ശാക്തീകരണം

28(*268) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകൾ വകുപ്പിൽ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, വർക്കിംഗ് സ്റ്റാന്റേർഡ് ബാലൻസുകൾ, കട്ടികൾ, പൾസ് മീറ്ററുകൾ, സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള ഉപകരണം എന്നിവ വാങ്ങിയിട്ടുണ്ട്. വാഹനങ്ങൾ, എൽ.പി.ജി പമ്പ് വെരിഫിക്കേഷൻ കിറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 575 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. വകുപ്പിനായി തിരുവനന്തപുരത്ത് കേന്ദ്ര കാര്യാലയ നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly